LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതുവരെ ആലപ്പുഴ, കോട്ടയം ജില്ലകളിലെ താറാവുകളിലാണ് രോഗം സ്ഥിരീകരിച്ച റിപ്പോർട്ടുകളുള്ളത്. താറാവുകളിലാണ് വ്യാപകമായി ഇപ്പോൾ രോഗം കാണുന്നത്.

(സി) പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ Animal Husbandry, Dairying & Fisheries Department പുറപ്പെടുവിച്ചിട്ടുള്ള Revised Guidelines അനുസരിച്ചാണ് പ്രതിരോധ/മുൻകരുതലുകൾ പ്രാവർത്തികമാക്കുന്നത്. ഇതിൽ പ്രധാനമായും പക്ഷിപ്പനി സ്ഥിരീകരിച്ച സ്ഥലത്തിന് 10 കി.മീ. ചുറ്റളവ് കണക്കാക്കി അകത്തെ ഒരു കി.മീ. ചുറ്റളവിലുള്ളവയെ നശിപ്പിച്ചും തുടർന്നുള്ള 9 കി.മീ. ചുറ്റളവിലുള്ള പക്ഷികളെ നിരീക്ഷിച്ചും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയാണ് പ്രധാനം.

കാഞ്ഞങ്ങാട് മൃഗാശുപത്രിയെ വെറ്ററിനറി പോളി ക്ലിനിക്കായി ഉയർത്താൻ നടപടി

310 (1753) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര വെറ്ററിനറി പോളി ക്ലിനിക്കുകളാണ് ഉള്ളത് ;

(ബി) ഇവയുടെ പേരുകൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ ;

(സി) വെറ്ററിനറി പോളി ക്ലിനിക്കുകൾ ഇല്ലാത്ത ജില്ലകൾ ഏതൊക്കെയാണ് എന്ന് പറയാമോ ;

(ഡി) കാഞ്ഞങ്ങാട് മൃഗാശുപത്രിയെ വെറ്ററിനറി പോളി ക്ലിനിക്കായി ഉയർത്താനുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ കാഞ്ഞങ്ങാട്, വെറ്ററിനറി പോളിക്ലിനിക്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 50 വെറ്ററിനറി പോളിക്ലിനിക്കുകളാണ് ഉള്ളത്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കാസർഗോഡ് ജില്ലയിൽ വെറ്ററിനറി പോളിക്ലിനിക്ക് ഇല്ല.

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാഞ്ഞങ്ങാട് മൃഗാശുപത്രിയെ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തണമെന്ന ആവശ്യം പരിഗണിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിൽ പേവിഷബാധയേറ്റ കന്നുകാലികൾക്ക് കുത്തിവയ്പ്പെടുത്ത് കൊലപ്പെടുത്തിയ സംഭവം

311 (1754) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ രണ്ട് മാസത്തിനിടയ്ക്ക് പേപ്പട്ടിയുടെയും കീരിയുടെയും കടിയേറ്റ് എത്ര കന്നുകാലികൾ പേവിഷബാധമൂലം ചത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) കന്നുകാലികൾ നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ, നഷ്ടപരിഹാരം നൽകാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) കന്നുകാലികൾക്ക് പേവിഷബാധയ്ക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ്പ് വ്യാപകമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) പേപ്പട്ടിയുടെ കടിയേറ്റ കന്നുകാലികൾക്ക് ചികിത്സ നൽകാതെ കുത്തിവയ്പ്പെടുത്ത ; അവയെ കൊല്ലാനുള്ള ഉത്തരവ് മൃഗസംരക്ഷണ വകുപ്പ് വെറ്ററിനറി ഡോക്ടർമാർക്ക നൽകിയിട്ടുണ്ടോ എന്നു വെളിപ്പെടുത്താമോ ;

(ഇ) ഇല്ലെങ്കിൽ വെറ്ററിനറി ഡോക്ടർമാർ പേവിഷബാധയേറ്റ കന്നുകാലികൾക്ക് കുത്തിവയ്പ്പെടുത്ത കൊലപ്പെടുത്തിയ വാർത്ത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ രണ്ട് മാസത്തിനിടയ്ക്ക് പേവിഷബാധമൂലം 28 കന്നുകാലികൾ ചത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly